<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2224</u>** **<u>09-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>സൗത്ത് പല്ലാറിൽ പുതിയ റേഷൻ ഷോപ്പ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ മണ്ഡലത്തിൽ തിരുനാവായ പഞ്ചായത്തിലെ സൗത്ത് പല്ലാറിൽ പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ റേഷൻ ഷോപ്പിൽ എത്തുന്നതിന് തറനിരപ്പിൽ നിന്നും എട്ട് അടിയോളം താഴ്ചയിൽ ഡബിൾ ലൈൻ റെയിൽപാത മുറിച്ച് കടക്കേണ്ടി വരുന്നത് അപകടങ്ങൾക്ക് ഇടയാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | റെയിൽപാത മുറിച്ചുകടക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സൗത്ത് പല്ലാറിൽ പുതിയ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ